# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail.admin@cochindevaswomboard.org


No.M5.9113/22 Dated: 02/07/2022

## ടെണ്ടർ/ക്വട്ടേഷൻ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ ആദ്ധ്യാത്മിക സംസ്കാരിക പ്രസിദ്ധീകരണമായ ക്ഷേത്രദർശനം മാസികയുടെ നേതൃത്വത്തിൽ തൃപ്രയാർ ക്ഷേത്രാങ്കണത്തിൽ കർക്കിടകമാസാചരണത്തോടനുബന്ധിച്ച് നടത്തുന്ന ആദ്ധ്യാത്മിക സംസ്കാരിക പുസ്തകശാലയുടെ (ആദ്ധ്യാത്മിക സംസ്കാരിക പുസ്തകങ്ങളുടെ പ്രദർശനവും വിൽപ്പനയും) പ്രവർത്തനം 17/07/2022 മുതൽ 16/08/2022 വരെ ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 10,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം അടക്കംചെയ്യാത്ത ടെൻഡറുകൾ പരിഗണിക്കുന്നതല്ല. 12/07/2022, 3.30 പി.എം വരെ ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതും അന്നുതന്നെ 4 പി.എം ന് ഹാജരുള്ള ടെണ്ടർ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതുമായിരിക്കും. ഏറ്റവും കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ടെണ്ടർ ഉറപ്പിക്കുന്നതും, അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന തിയ്യതി മുതൽ 5 ദിവസത്തിനകം മുഴുവൻ തുകയും തൃപ്രയാർ ദേവസ്വം ഓഫീസിൽ അടക്കേണ്ടതുമാണ്.

ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ നേരിട്ടോ വൈബ്സൈറ്റ് മുഖേനയോ അന്വേഷിച്ചറിയാവുന്നതാണ്. ടെൻഡർ കൊണ്ട വ്യക്തി ഈ പരസ്യം സഹിതം ചേർത്ത നിബന്ധനകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതും ഇത് പ്രകാരം പുസ്തകപ്രദർശനം നടത്തേണ്ടതുമാണ്. ടെണ്ടർ ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തിവക്കുന്നതിനോ, വേണ്ടന്ന് വക്കുന്നതിനോ മറ്റ് യുക്തമെന്ന് തോന്നുന്ന തുടർനടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പുവക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

2/7/22

സെക്രട്ടറി

കൊച്ചിൻ ദേവസ്വം ബോർഡ്

# OFFICE OF THE COCHIN DEVASWOM BOARD
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail.admin@cochindevaswomboard.org


No.M5.9113/22 Dated: 02/07/2022

**1197 എം.ഇ കർക്കിടകമാസത്തിൽ തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രാങ്കണത്തിൽ നടത്തപ്പെടുന്ന പുസ്തകശാലയുടെ പ്രവർത്തനം സംബന്ധിച്ച നിബന്ധനകൾ.**

1. പുസ്തകശാലയുടെ പ്രവർത്തന കാലഘട്ടം 17/07/22 മുതൽ 16/08/22 വരെ ആയിരിക്കും. പുസ്തകശാല ഓരോ ദിവസവും രാവിലെ ക്ഷേത്രം തുറക്കുന്ന സമയം മുതൽ രാത്രി ക്ഷേത്രം അടക്കുന്നതുവരെ മാത്രമേ തുറന്ന് പ്രവർത്തിക്കാവൂ.
2. പുസ്തകശാലയിൽ ഹിന്ദുക്കളല്ലാത്ത ജീവനക്കാരെ പുസ്തക വിൽപ്പന യ്ക്കായോ സഹായത്തിനായോ നിയോഗിക്കാൻ പാടുള്ളതല്ല.
3. ആദ്ധ്യാത്മികവും സാംസ്കാരികവുമായ ഗണത്തിൽപ്പെട്ട പുസ്തകങ്ങളും സി.ഡി കളും മാത്രമേ വിൽപ്പന നടത്തുവാൻ പാടുള്ളൂ.
4. ക്ഷേത്രാചാര വിരുദ്ധമായോ ക്ഷേത്രസംസ്കാരത്തിന് നിരക്കാത്തതോ ആയ പ്രസിദ്ധീകരണങ്ങൾ, സി.ഡി കൾ മുതലായവ പ്രദർശിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.
5. പുസ്തകശാലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ക്ഷേത്രാചാരമര്യാദ കൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കും.
6. ദേവസ്വം നിശ്ചയിച്ചു നൽകുന്ന സ്ഥലത്ത് പുസ്തകവിൽപ്പന നടത്തേതാണ്.
7. പുസ്തകശാലയിലേക്ക് ആവശ്യമായ വൈദ്യുതി കണക്ഷൻ ബോർഡിൽ നിന്നും അനുവദിച്ചു നൽകുന്നതാണ്. ഇതിലേക്ക് ടെണ്ടർ തുകയ്ക്ക് പുറമേ 500/- രൂപ തൃപ്രയാർ ദേവസ്വത്തിൽ അടക്കേണ്ടതാണ്.
8. ടെണ്ടർ പ്രകാരമുള്ള സംഖ്യ മുഴുവനായും ടെണ്ടർ ഉറപ്പിച്ച ഉത്തരവ് പുറപ്പെ ടുവിക്കുന്ന തിയ്യതി മുതൽ 5 ദിവസത്തിനകം പൂർണ്ണമായും തൃപ്രയാർ ദേവസ്വത്തിലടച്ച് രശീതി വാങ്ങേതുമാണ്.
9. ക്വട്ടേഷനോടുകൂടി സമർപ്പിക്കുന്ന നിരതദ്രവ്യം പുസ്തകശാലയുടെ പ്രവർത്തനകാലഘട്ടം കഴിഞ്ഞ് ദേവസ്വത്തിന് കഷ്ടനഷ്ടങ്ങളൊന്നും

സംഭവിച്ചിട്ടില്ല എന്ന് ദേവസ്വം മാനേജറുടെ റിപ്പോർട്ട് ലഭിച്ച് ഉറപ്പുവരുന്നതിയശേഷം 15 ദിവസത്തിനകം തിരിച്ചു നൽകുന്നതാണ്.

10. പുസ്തകശാലയുടെ പ്രവർത്തനാനുമതി ലഭിക്കുന്ന വ്യക്തി/സ്ഥാപനം മേൽ കാണിച്ച നിബന്ധനകൾ ലംഘിക്കുകയോ അത് മൂലം ദേവസ്വത്തിന് കഷ്ട നഷ്ടങ്ങൾ എന്തെങ്കിലും സംഭവിക്കുകയോ ചെയ്യുന്ന പക്ഷം നിരതദ്രവ്യ സംഖ്യ പൂർണ്ണമായും കണ്ടുകെട്ടി ദേവസ്വത്തിലേക്ക് മുതൽ കൂട്ടുന്നതും നഷ്ടസംഖ്യയിലേക്ക് പോരാതെ വരുന്ന പക്ഷം നിയമാനുസൃത മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.
11. മേൽ നിബന്ധനകളുടെ ലംഘനം മൂലമോ പുസ്തകശാല നടത്തിപ്പുകാരുടെ അലംഭാവം മൂലമോ പുസ്തകശാല നടത്തിപ്പിന് വിഘ്നം നേരിടുന്ന പക്ഷം അതു മൂലം ദേവസ്വത്തിന് വരുന്ന കഷ്ടനഷ്ടങ്ങൾക്ക് പുസ്തകശാല നടത്തിപ്പുകാർ ബാധ്യസ്ഥരായിരിക്കുന്നതും, അവരിൽ നിന്നും നഷ്ടം ഈടാക്കുന്നതുമായിരിക്കും.
12. പ്രകൃതിക്ഷോഭം മൂലമോ, കാലാവസ്ഥ കെടുതി മൂലമോ മറ്റോ എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ ടെണ്ടർ കൊണ്ട വ്യക്തിക്ക് വരുന്നപക്ഷം ആയതിന് കൊച്ചിൻ ദേവസ്വം ബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്